I/78147/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി I A S)

വിഷയം:- വനിത ശിശു വികസന വകുപ്പ് –സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം - അഭയകിരണം പദ്ധതി 2022-23– ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ.(സാധാ) നം. 296/2021/സാ.നീ.വ. തീയതി. 14.05.2021
2. ഈ കാര്യാലയത്തിലെ 25.09.2022, 02.11.2022, 12/01/2023 തീയതികളിലെ ഇതേ നം. പരിപത്രം
3. കൊല്ലം DWCDO യുടെ 16/01/2023 ലെ DWCDO/KLM/10222/2022-D നം. കത്ത്
4. എറണാകുളം DWCDO യുടെ 11/01/2023 ലെ DWCD/EKM/A3- 2428/22 നം. കത്ത്
5. പാലക്കാട് DWCDO യുടെ 03/01/2023 ലെ DWCDO/PKD/F-2612/22 നം. കത്ത്

**<u>ഉത്തരവ് നം.DWCD/3250/2022-WEC2 തീയതി: 27-01-2023</u>**

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയ്ക്കായി 1,17,00,000/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതൊരു തുടർ പദ്ധതി ആയതിനാൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ തലത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (1)(2)(3) പ്രകാരമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഭയകിരണം പദ്ധതി പ്രകാരം ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ഗുണഭോക്താക്കൾക്ക് ധനസഹായ അനുവദിക്കുന്നതിലേയ്ക്കായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) മുതൽ (5) വരെ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ അഭയകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ചുവടെ വിവരിയ്ക്കുന്ന പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് **3,35,000**/-രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

I/78147/2023

| ക്രമ നം. | ജില്ല | 2021-22 വർഷം ധനസഹായം ലഭിച്ചവർക്ക് 2023 ഫെബ്രുവരി വരെ അനുവദിക്കേണ്ടതുക | 2022-23 വർഷം പുതുതായി അപേക്ഷിച്ചവർക്ക് അനുവദിക്കേണ്ട തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആകെ അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | കൊല്ലം | 12000 | 17000 | 6 | 29000 |
| 2 | എറണാകുളം | 132000 | 18000 | 19 | 150000 |
| 3 | പാലക്കാട് | 132000 | 24000 | 20 | 156000 |
| | **ആകെ** | **276000** | **59000** | **45** | **335000** |

(മൂന്ന് ലക്ഷത്തി മൂപ്പത്തി അയ്യായിരം രൂപ മാത്രം)

മേൽ വിവരിച്ച പ്രകാരം ചെലവ് വരുന്ന തുകയായ **3,35,000**/- രൂപ (മൂന്ന് ലക്ഷത്തി മൂപ്പത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

പരാമർശം (2) പരിപത്രങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശു വികസന ഓഫീസർ

കൊല്ലം, എറണാകുളം, പാലക്കാട്

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട് എ, സെക്ഷൻ( അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

**Signed by Priyanka G**
**Date: 27-01-2023 23:26:52**

**Signed by Priyanka G**
**Date: 27-01-2023 23:27:01**